13800
23/6/17

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസനം - ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2017-18) – ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ) നം. 65/2017/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 21.06.2017.

---

പരാമർശം:
1. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിൽ നിന്നുള്ള 11.05.2017 -ലെ 11014/01/2017-BC-I നമ്പർ കത്ത്.
2. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 27.04.2017, 01.06.2017 എന്നീ തീയതികളിലെ ബിസിഡിഡി/എ 3/923/2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

പോസ്റ്റ്-മെട്രിക്കുലേഷൻ തലത്തിൽ പഠിക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുകയെന്ന ഉദ്ദേശത്തോടെയുള്ള പദ്ധതിയാണ് 'മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്' (100% കേന്ദ്രാവിഷ്കൃത പദ്ധതി) അഥവാ 'ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്'.

**2.** 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (2017-18) പദ്ധതിക്കായി 2225-03-277-96-34 (പ്ലാൻ) എന്ന ശീർഷകത്തിൽ സംസ്ഥാന സർക്കാർ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പരാമർശം (1) പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി ആകെ 1736.25 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ പദ്ധതിയുടെ 2017-18 സാമ്പത്തിക വർഷത്തെ നടത്തിപ്പിന് ഭരണാനുമതി നൽകണമെന്ന് 01.06.2017 -ലെ പരാമർശം (2) -ലെ കത്ത് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്ര സർക്കാർ അനുവദിച്ച 17,36,25,000/- (പതിനേഴ് കോടി മുപ്പത്തിയാറ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തണമെന്ന നിബന്ധനയിൽ ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (2017-18) നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ജെസ്സി ജോർജ്ജ്**
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [PLG-A3/27/2017/Fin. നമ്പർ 25.05.2017-ലെ കുറിപ്പ്]

(.....2)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.